. ATTACHED TO TENDER No A8. 5858/2013 (ii)

# Technical specifications of Items

| Sl No. 1 | Iteeem No | Item | Technical specifications |
|---|---|---|---|
| 1 | 8 | Liquid Nitrogen in Litres | Liquid Nitrogen in Litres |
| 2 | 9 | Cook IUI Catheeter<br>Cook shapard IUI canula | Cook shapard IUI canula |
| 3 | 10 | Foleys Catheeter (number.8) | Foleys Catheeter (number.8) |
| 4 | 11 | K JETS SIVF 7019 ET Catheeter | K JETS SIVF 7019 ET Catheeter |
| 5 | 12 | Ovum Pick up needle KOSN1735 (Ovu needle) | Ovum Pick up needle KOSN1735 (Ovu needle)Single lumen |
| 6 | 13 | Ovum Pick up needle KOSN1735 (Ovu needle) | Ovum Pick up needle KOSN1735 (Ovu needle)Double lumen |
| 7 | 14 | Novy cornual canulation set | Novy cornual canulation set (curved) |
| 8 | 18 | Software Development & computerization of IVF clinic | Installation of IVF software package in the existing computer |

Dr. Sam John Varghese
MO
Fertility clinic

Dr. USHAKUMARI. B M.B
Dy Director & Superintendent
W&C Hospital, Thycaud
Thiruvananthapuram-14

നമ്പർ എ6-5899/2013 (II)

സ്ത്രീകളുടേയും കുട്ടികളുടെയും ആശുപത്രി
തൈയ്ക്കാട്, തിരുവനന്തപുരം
തീയതി 05.12.2013

## ദർഘാസ്സ് പരസ്യം

തിരുവനന്തപുരം തൈയ്ക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലെ വന്ധ്യതാനിവാരണ ക്ളീനിക്കിലേക്ക് രൂപ 13,35,000/- (രൂപ പതിമൂന്ന്ലക്ഷത്തി മുപ്പത്തിയ്യായിരം മാത്രം) മരുന്നുകളും, ഉപകരണങ്ങളും വിതരണം ചെയ്യുന്നതിന് മുദ്രണം ചെയ്ത ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

(1) ലികിഡ് നൈട്രജൻ (ലിറ്റർ) (2) കുക്ക് ഐ.യു.ഐ. കത്തീറ്റർ കുക്ക് ഷാപ്പാർഡ് ഐ.യു.ഐ.കാനൂല (3) ഫോളീസ് കത്തീറ്റർ (നമ്പർ 8) (4) K JET SIVF 7019 ET കത്തീറ്റർ (5) ഓവും പിക്ക് അപ്പ് നീഡിൽ KOSN 1735 (ഓവു നീഡിൽ) സിംഗിൾ ലുമെൻ (6) ഓവും പിക്ക് അപ്പ് നീഡിൽ KOSN 1735 (ഓവു നീഡിൽ) ഡബിൾ ലുമെൻ (7) നോവി കോർണുവൽ കാനുലേഷൻ സെറ്റ് (8) സോഫ്റ്റ്വെയർ ഡെവലപ്പ്മെന്റ് & കമ്പ്യൂട്ടറൈസേഷൻ ഓഫ് ഏ.വി.എഫ് ക്ളീനിക്ക്

ഓരോ ഇനത്തിനുമുള്ള സാങ്കേതിക വിവരണങ്ങൾ എല്ലാ പ്രവർത്തിദിവസവും ഓഫീസിൽ ലഭ്യമാണ്, കൂടാതെ www.dhs.kerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്. അപ്രകാരം നിർദ്ദേശിച്ചിട്ടുള്ള തരത്തിലും, നിലവാരത്തിലുമുള്ള ഇനങ്ങളുടെ വില നിരക്ക് രേഖപ്പെടുത്തിയ ദർഘാസുകൾ മാത്രമേ അംഗീകാരത്തിന് പരിഗണിക്കുകയുള്ളൂ. ദർഘാസു ഫോറം പ്രവൃത്തി സമയങ്ങളിൽ ആഫീസ്സിൽ നിന്നും 03.01.2014 ഉച്ചയ്ക്ക് 12 മണി വരെ ലഭിക്കുന്നതാണ്. അസ്സൽ ഫോറത്തിനും, ഡ്യൂപ്ളിക്കേറ്റിനും ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള തുക + വാറ്റ് ആഫീസ്സിൽ അടച്ച് കൈ പ്പറ്റാവുന്നതാണ്. ദർഘാസ്സ് ഉള്ളടക്കം ചെയ്ത കവറിന് പുറത്ത് ദർഘാസ്സ് നമ്പർ എ6-5899/2013-14 (II) സൂപ്രണ്ട്, സ്ത്രീകളുടേയും കുട്ടികളുടെയും ആശുപത്രി തൈയ്ക്കാട്, തിരുവനന്തപുരം എന്നും രേഖപ്പെടുത്തിയിരിക്കണം.

ദർഘാസുകൾ സമർപ്പിക്കേണ്ട അവസാനതീയതി 03.01.2014 ഉച്ചയ്ക്ക് 1.00 മണി വരെയാണ്. ദർഘാസുകൾ അന്നേ ദിവസം ഉച്ചകഴിഞ്ഞ് 2 മണിക്ക് സമർപ്പിച്ചിട്ടുള്ള വ്യക്തികളുടേയോ അവർ നിർദ്ദേശിക്കുന്ന വ്യക്തികളുടേയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ഓരോ ഇനത്തിന്റെയും ഗുണമേന്മ ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ ബോദ്ധ്യപ്പെട്ട ശേഷമേ ദർഘാസ്സ് സ്ഥിരപ്പെടുത്തുകയുള്ളൂ. അപ്രകാരം ഗുണനിലവാരം പരിശോധിച്ച് നിർദ്ദേശിക്കപ്പെടുന്ന ഏറ്റവും കുറഞ്ഞ നിരക്കിലുള്ള (ഓരോ ഇനത്തിലും പ്രത്യേകം പ്രത്യേകമായി) ദർഘാസുകൾ മാത്രമേ അംഗീകാരം നൽകി സ്ഥിരപ്പെടുത്തുകയുള്ളൂ. ദർഘാസുകൾ സ്വീകരിക്കുന്നതിനും,

നിരസിക്കുന്നതിനും ഉള്ള പൂർണ്ണാധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും. സമർപ്പിക്കുന്ന ദർഘാസുഫോറങ്ങൾ ഈ ആശുപത്രിയിൽനിന്ന് വാങ്ങിയിട്ടുള്ളതും, പ്രസ്തുത സ്ഥാപനത്തിലെ മേലധികാരിയുടെ കൈയൊപ്പും, ആഫീസ് മുദ്രയും ഉള്ളതായിരിക്കണം.

ദർഘാസുകൾ സമർപ്പിക്കുമ്പോൾ 100/-രൂപ (രൂപ നൂറ് മാത്രം) വിലയുള്ള മുദ്രപത്രത്തിലുള്ള ഉടമ്പടിയും 5,000/- രൂപ (രൂപ അയ്യായിരം മാത്രം)യുടെ നിരതദ്രവ്യവുമായി സൂപ്രണ്ടിൻെറ പേരിൽ മാറാവുന്ന ഡിമാൻറ് ഡ്രാഫ്റ്റും ഉള്ളടക്കം ചെയ്തിരിക്കണം. ദർഘാസുകൾ അംഗീകരിച്ച് ലഭിക്കുന്ന കരാറുകാരൻ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽതന്നെ സാധന സാമഗ്രികൾ തൃപ്തികരമാംവിധം വിതരണം ചെയ്യേണ്ടതാണ്.

കരാറുകാരൻ നിബന്ധനകൾക്ക് വിപരീതമായി പ്രവർത്തിച്ചാൽ അപ്രകാരം സംഭവിക്കുന്നതുമൂലമുള്ള നഷ്ടപരിഹാരം കരാറുകാരനിൽ നിന്നും ഈടാക്കുന്നതിന് സൂപ്രണ്ടിന അധികാരമുണ്ടായിരിക്കുന്നതുമാണ്. കൂടുതൽ വിവരങ്ങൾ പ്രവർത്തിദിവസങ്ങളിൽ ആഫീസിൽ നിന്നും അറിയാവുന്നതാണ്.

സൂപ്രണ്ട്

നോട്ടീസ് ബോർഡ്

പകർപ്പ് എ) നോട്ടീസ് ബോർഡിലേക്ക്

1) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
2) ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), തിരുവനന്തപുരം
3) ഡയറക്ടർ, പബ്ളിക് റിലേഷൻസ് വകുപ്പ്, സെക്രട്ടേറിയറ്റ്
4)സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, തിരുവനന്തപുരം.
5) സൂപ്രണ്ട്, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
5) സൂപ്രണ്ട്, നെഞ്ചുരോഗാ ആശുപത്രി, തിരുവനന്തപുരം
6) സൂപ്രണ്ട്, ജനറൽ ആശുപത്രി തിരുവനന്തപുരം
7) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് & ഫാമിലി വെൽഫയർ, തൈക്കാട്
8) പോസ്റ്റ് മാസ്റ്റർ, പോസ്റ്റ് ഓഫീസ്, തൈക്കാട്.
9) വില്ലേജ് ഓഫീസ്, തൈക്കാട്

ബി) ലേ സെക്രട്ടറി & ട്രഷറർ

സി) ഫയൽ / കരുതൽ ഫയൽ